# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

## "വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി "

## കരട് റിപ്പോർട്ട്


**എസ്.ഐ.എ. സ്റ്റഡി യൂണിറ്റ്**

**ഐ.ആർ.ഡി (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്മെന്റ്)**

**തിരുവനന്തപുരം**


– 06 – 2020

## ഉള്ളടക്കം


അദ്ധ്യായം - 1 സംഗ്രഹം

1.1. ആമുഖം

1.2. സ്ഥാനം

1.3. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

1.4. ബദൽ സാദ്ധ്യതകൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. സാമൂഹ്യ പ്രത്യാഘാത ലഘൂകരണമാർഗ്ഗങ്ങൾ

അദ്ധ്യായം - 2 വിശദമായ പദ്ധതി വിവരണം

2.1. പദ്ധതിയുടെ പശ്ചാത്തലം

2.2. പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധം

2.3. പ്രോജക്ടിന്റെ വലിപ്പം, സ്ഥാനം എന്നിവ

2.4. പദ്ധതിയുടെ ബദൽസാദ്ധ്യതകളെ സംബന്ധിച്ച പഠനം

2.5. നിർമ്മാണത്തിന്റെ സവിശേഷതകൾ

2.6. അനുബന്ധഭൗതീക സാഹചര്യങ്ങളുടെ ആവശ്യകത

2.7. തൊഴിലാളികളുടെ ആവശ്യകത

2.8. മുൻപ് നടത്തിയ പഠനങ്ങൾ

2.9. സംയുക്തമായ നയങ്ങളും നിയമങ്ങളും

## അദ്ധ്യായം - 3 സംഘാംഗങ്ങൾ, പഠന സമീപനം, പഠനമാർഗ്ഗം

3.1. പശ്ചാത്തലം

3.2. സാമൂഹ്യ പ്രത്യാഘാതവിലയിരുത്തൽ പഠനവും നിർവ്വഹണപ്ലാൻ തയ്യാറാക്കൽ

3.3. എസ്.ഐ.എ. സ്റ്റഡി ടീം

3.4. ദ്വിതീയ വിവരശേഖരണം.

3.5. പദ്ധതി പ്രദേശസന്ദർശനവും വിവരങ്ങൾ നൽകലും

3.6. സാമൂഹ്യസാമ്പത്തിക സ്ഥിതിവിവരശേഖരണം

3.7. സ്ഥിതിവിവരക്രോഡീകരണവും പരിശോധനയും

3.8. സ്ഥിതിവിവരവിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

## അദ്ധ്യായം - 4 ഭൂമി തിട്ടപ്പെടുത്തൽ

4.1. പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

4.2. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ

4.3. നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

4.4. പൊതു സ്ഥലത്തിന്റെ ഉപയോഗം

4.5. നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുക്കുന്ന ഭൂമി

4.6. ഏറ്റെടുക്കേണ്ടഭൂമിയുടെ അളവുസംബന്ധിച്ച വിവരങ്ങൾ

4.7. മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

## അദ്ധ്യായം - 5 മൂല്യ നിർണ്ണയവും വിശകലനവും

5.1. ആമുഖം

5.2. പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നവർ

5.3. പരോക്ഷമായി ബാധിക്കപ്പെടുന്നവർ

5.4. ബാധിത കുടുംബങ്ങൾ

5.5. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും.

അദ്ധ്യായം - 6 സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക

അവലോകനം

അദ്ധ്യായം - 7 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

7.1. ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

7.2. വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം

7.3. ആഘാത ബാധിതരുടെ തരം

7.4. പൊതുജനങ്ങളുടെ ആശങ്കകൾ

7.5. സാമൂഹ്യപ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുമുള്ള മാർഗ്ഗങ്ങൾ

7.6. ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ വ്യവസ്ഥകൾ

7.7. വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ

അദ്ധ്യായം - 8 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി
ഒരു രൂപരേഖ

അദ്ധ്യായം - 9 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

അദ്ധ്യായം - 10 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

നിരീക്ഷണവും അവലോകനവും

അദ്ധ്യായം - 11 വിലയുടെയും നേട്ടങ്ങളുടെയും അപഗ്രഥനവും

ഏറ്റെടുക്കുന്നതിനുള്ള ശുപാർശകളും

11.1. പ്രധാന കണ്ടെത്തലുകൾ

11.2 എസ്.ഐ.എ. സ്റ്റഡി യൂണിറ്റിന്റെ ശുപാർശകൾ

# അദ്ധ്യായം - 1

## സംഗ്രഹം

## വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി

### 1.1. ആമുഖം

സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരം ജില്ലയുടെ ഹൃദയഭാഗത്തോട് ചേർന്നു കിടക്കുന്ന പ്രദേശമായ വട്ടിയൂർക്കാവ് ജംഗ്ഷനിൽ വർദ്ധിച്ചു വരുന്ന ക്രമാതീതമായ വാഹനത്തിരക്കും ട്രാഫിക്ക് ബ്ലോക്കും നിയന്ത്രണ വിധേയമാക്കുന്നത് വഴി ജനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ മുന്നോട്ട് വയ്ക്കുന്ന പ്രധാന പദ്ധതികളിൽ ഒന്നാണ് വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി സുഗമമായ ഗതാഗത സൗകര്യം ലക്ഷ്യമിടുന്നതോടൊപ്പം കെട്ടിടങ്ങളുടെ നാശനഷ്ടം കൂടുതൽ ബാധിക്കാത്ത തരത്തിലാണ് പദ്ധതിക്കായി സർക്കാർ സ്ഥലം കണ്ടെത്തിയിട്ടുള്ളത്.

വട്ടിയൂർക്കാവ് ജംഗ്ഷനിൽ നിന്നും തുടങ്ങി ശ്രീ കണ്ഠൻ ശാസ്താക്ഷേത്ര സമീപം സ്പർശിച്ച് ഏകദേശം 500 മീറ്റർ കിഴക്ക് മാറി തോപ്പുമുക്ക് ജംഗ്ഷൻ തിരിഞ്ഞ് തോപ്പുമുക്ക് റോഡ് വഴി മണ്ണറക്കോണം ജംഗ്ഷനിൽ പ്രവേശിച്ച് മണ്ണറക്കോണം മുതൽ നെട്ടയം വട്ടിയൂർക്കാവ് റോഡുവഴി വട്ടിയൂർക്കാവ് ജംഗ്ഷനിൽ എത്തിച്ചേരുന്നതാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. പദ്ധതി നടപ്പിലാക്കപ്പെടുന്നതോടുകൂടി വട്ടിയൂർക്കാവ് ജംഗ്ഷനിൽ നിലവിൽ അനുഭവപ്പെടുന്ന അനിയന്ത്രിതമായ ട്രാഫിക് കുരുക്കിനും വാഹനാപകടങ്ങൾക്കും ദു:സ്സഹമായ ജനജീവിതത്തിനും ശാശ്വതപരിഹാരം കണ്ടെത്തുന്നതിനു കഴിയും.

നിലവിൽ വട്ടിയൂർക്കാവ് ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന വിവിധ സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ കാരണം അനിയന്ത്രിയമായ ട്രാഫിക്ക് കുരുക്കും അപകട സാധ്യത ഉള്ളതുമായ സാഹചര്യമാണ് നിലവിലുള്ളത്. തലസ്ഥാന ജില്ലയായ തിരുവനന്തപുരത്തോട് ചേർന്ന് കിടക്കുന്ന പ്രദേശമായതിനാൽ വട്ടിയൂർക്കാവ് ജംഗ്ഷനിൽ തന്നെ സ്ഥിതി ചെയ്യുന്ന വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷൻ, വട്ടിയൂർക്കാവ് വില്ലേജ് ഓഫീസ് എന്നിവയും നെട്ടയം റോഡിൽ സ്ഥിതി ചെയ്യുന്ന ബെവ്കോ ഔട്ട്ലെറ്റ്, പെട്രോൾ പമ്പ്, പൊതു ചന്ത എന്നിവ കൂടാതെ ചെറുതും വലുതുമായ വളരെയധികം വ്യാപാരസഥാപനങ്ങളും മറ്റും ഉൾപ്പെടുന്ന നഗരപ്രദേശമാണ് വട്ടിയൂർക്കാവ് ജംഗ്ഷൻ. വിവിധ രാഷ്ട്രീയ സംഘടനകളുടെ സംഘടനാ കേന്ദ്രങ്ങളും ടാക്സി, ഓട്ടോ സ്റ്റാന്റ്, ശ്രീകണ്ഠൻ ശാസ്താക്ഷേത്രം എന്നിവ ഉൾപ്പെടുന്ന ജംഗ്ഷനിൽ അനിയന്ത്രിതമായ തിരക്കാണ് സദാസമയവും അനുഭവപ്പെടുന്നത്.

പുനരധിവാസ നടത്തിപ്പിനായി പ്രദേശം ഏറ്റെടുക്കുന്നതോടുകൂടി പദ്ധതിയുടെ അനുബന്ധ പ്രദേശങ്ങൾക്ക് റോഡു വീതികൂട്ടുകവഴി നിലവിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിനും അപകടങ്ങൾക്കും ശാശ്വതപരിഹാരം ഉണ്ടാക്കുകവഴി ജനജീവിതം സുഗമമാക്കുന്നതിനും കഴിയും.

1.2. സ്ഥാനം :

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപും താലൂക്കിൽ പേരൂർക്കട വില്ലേജിൽ ഉൾപ്പെട്ട വട്ടിയൂർക്കാവ് വാർഡിൽ (വാർഡ്-36) വട്ടിയൂർക്കാവ് ജംഗ്ഷൻ- വെള്ളൈക്കടവ് റോഡിൽ 500 മീറ്റർ മാറി തോപ്പുമുക്ക് - മണ്ണറക്കോണം റോഡിൽ മണ്ണറക്കോണം ജംഗ്ഷനിൽ നിന്നും നെട്ടയം വട്ടിയൂർക്കാവ് റോഡിൽ തിരികെ വട്ടിയൂർക്കാവ് ജംഗ്ഷനിൽ എത്തുന്ന ത്രികോണാകൃതിയിലാണ് പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നത്.

1.3. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി :

വട്ടിയൂർക്കാവ് റോഡ് വികസനത്തിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിനായി 1.2141 ആർ ഭൂമിയാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. കൂടുതലായും സ്വകാര്യ വ്യക്തികളും നിലവിൽ തുറന്ന ഭൂമിയായി കൈവശം വച്ചിരിക്കുതുമായ ഭൂമിയും കുറച്ചുപേരുടെ താമസസ്ഥലങ്ങളും ഉൾപ്പെട്ടതാണ് പദ്ധതി പ്രദേശം 14 സർവ്വെ നമ്പരുകളിലായി 20-ൽപരം സ്വകാര്യ ഭൂഉടമകളിൽ നിന്നാണ് പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നത്.

1.4. ബദൽ സാധ്യതകൾ :

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് വാസഗൃഹം, ഭൂമി എന്നിവ നഷ്ടമായവരെ പദ്ധതി നടപ്പിലാക്കപ്പെടുന്നതോടുകൂടി പുനരധിവസിപ്പി ക്കുതിന് സാധിക്കും. കൂടാതെ നിലവിൽ പദ്ധതി പ്രദേശത്തും അനുബന്ധ പ്രദേശങ്ങളിലും ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളായ യാത്രാ തടസ്സം, വാഹനക്കുരുക്ക്, പരിസരത്തുണ്ടാകുന്ന ശബ്ദ-വായൂ മലിനികരണം അപകടസാധ്യത എന്നിവയ്ക്ക് ശാശ്വത പരിഹാരം കാണുന്നതിനും ജനജീവിതം സുഗമമാക്കുന്നതിനും സാധിക്കും.

നിർദ്ദിഷ്ട വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനപദ്ധതിയോടനുബന്ധിച്ച് നടക്കുന്ന പുനരധിവാസ പദ്ധതി വട്ടിയൂർക്കാവ് ജംഗ്ഷനിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരമാണ്.

നിലവിലെ പദ്ധതി മറ്റൊരു പ്രദേശത്തേയ്ക്ക് മാറ്റുന്നതുകൊണ്ടോ ബദൽ പദ്ധതികൾ, നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് നടപ്പിലാക്കുന്നതുകൊണ്ടോ ലഭിക്കുന്ന

നേട്ടങ്ങൾ പ്രസ്തുത പദ്ധതിയിൽ നിന്നും ലഭിക്കുന്ന നേട്ടങ്ങളെക്കാൾ പ്രധാന്യം കുറഞ്ഞവയായിരിക്കും.

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ ;

സാമൂഹ്യപ്രത്യാഘാത പഠനത്തിന്റെ പ്രധാനമായ ചുമതല സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തി ആഘാതം ലഘൂകരണത്തിനുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാതങ്ങൾ കൃത്യമായി രേഖപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്ന വകുപ്പുകൾക്ക് രേഖാമൂലം നൽകി സാമൂഹ്യ പ്രത്യാഘാതലഘൂകരണ നടപടികൾ സ്വീകരിക്കുവാനും, നടപ്പിലാക്കുന്നതിനും സൂമൂഹ്യപ്രത്യാഘാത പഠനം പ്രയോജനപ്രദമാണ്.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് നിലവിലെ ഭൂമി ഏറ്റെടുക്കൽ മൂലം 22 സ്വകാര്യഭൂവുടമകളെ നേരിട്ട് ബാധിക്കുന്നു. പദ്ധതി പ്രദേശത്ത് 5 കുടുംബങ്ങളുടെ വാസസ്ഥലം ഉൾപ്പെടെയുള്ള ഭൂമി പൂർണ്ണമായും നഷ്ടപ്പെടുന്നു. 1 കുടുംബത്തിന്റെ ഗൃഹം ഉൾപ്പെടുന്ന ഭൂമി ഭാഗീകമായി നഷ്ടപ്പെടുന്നു. കൂടാതെ ഒരു ലോഡ്ജിന്റെ ഭാഗം, ഒരു മൊബൈൽ ടവർ ഉൾപ്പെടുന്ന ഭൂമി, ഒരു സ്വകാര്യ വ്യവസായ സ്ഥാപനം (ജി.ആർ.ട്രേഡേഴ്സ്) എന്നിവ ഉൾപ്പെടുന്ന ഭൂമി പൂർണ്ണമായും ഏറ്റെടുക്കുന്നു. പ്രസ്തുത സ്ഥാപനം, ലോഡ്ജ്, പ്രീ ഓൺഡ് കാർസ് എന്നിവ ഉൾപ്പെടെ 05 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു.

സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റിന്റെ പഠനത്തിലൂടെ മതപരമായ ആഘാതങ്ങൾ കണക്കാക്കുമ്പോൾ വട്ടിയൂർക്കാവ് വെള്ളൈക്കടവ് റോഡിൽ വട്ടിയൂർക്കാവ് ജംഗ്ഷനും തോപ്പുമുക്കിനും ഇടയ്ക്കുള്ള സ്ഥിതിചെയ്യുന്ന ശ്രീകണ്ഠൻ ശാസ്താക്ഷേത്രത്തിന്റെ പ്രവേശനകവാടം മാത്രമാണ് പദ്ധതി കാരണം ബാധിക്കപ്പെടുന്നത്.

പദ്ധതിയുടെ വിവിധ തരത്തിലുള്ള പ്രത്യാഘാതങ്ങൾ എസ്.ഐ.എ. സ്റ്റഡി യൂണിറ്റ് പഠനവിധേയമാക്കിയിട്ടുണ്ട്.

1.6. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ മാർഗ്ഗങ്ങൾ :

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത പഠനത്തോടൊപ്പം പ്രത്യാഘാത ലഘൂകരണനിർദ്ദേശങ്ങൾ കൂടി എസ്.ഐ.എ.സ്റ്റഡി യൂണിറ്റ് പഠന വിധേയമാക്കിയിട്ടുണ്ട്.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ഭൂമി ഏറ്റെടുക്കൽ നടപടിയോടനുബന്ധിച്ച് വിവിധതരം സാമൂഹ്യപ്രത്യാഘാതങ്ങളെ, പ്രത്യാഘാതാത്തിന്റെ തരം, സ്ഥിതി വിവരം,

ലഘൂകരണ മാർഗ്ഗങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ച് വിശദമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്.

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണമാർഗ്ഗങ്ങൾ |
|---|---|---|---|
| 1. | ഭൂമി നഷ്ടപ്പെടുന്നത് | 22 ഭൂവുടമകളുടെ ഭൂമി പ്രത്യക്ഷമായി ബാധിക്കപ്പെടുന്നു. | 2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനഃസ്ഥാപനത്തിനുമായി അവകാശനിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് |
| 2. | വാണിജ്യസ്ഥാപനങ്ങൾ നഷ്ടപ്പെടുന്നത് | 1 വാണിജ്യസ്ഥാപനം,<br>1 ലോഡ്ജ്, എന്നിവ പൂർണ്ണമായും ഒരു മൊബൈൽ ടവർ എന്നിവയും ബാധിക്കപ്പെടുന്നു. | |
| 3. | ഉത്പാദനക്ഷമമായ ആസ്തികൾ നഷ്ടപ്പെടുന്നു. | | |
| 4. | ഉപജീവന സാധ്യതകൾ നഷ്ടപ്പെടുന്നു. | വ്യക്തികളുടെ തൊഴിൽ പൂർണ്ണമായും നഷ്ടപ്പെടുന്നു. | നിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം പുനഃസ്ഥാപനവും നടത്തേണ്ടതാണ്. |
| 5. | പൊതു ഉപയോഗ മുതൽ നഷ്ടപ്പെടുന്നത് | വൈദ്യുതി പോസ്റ്റുകൾ, ടെലിഫോൺ, ജലവിതരണം, ജലമാലിന്യ നിർഗ്ഗമന മാർഗ്ഗങ്ങൾ, ട്രാൻസ്ഫോർമർ, സ്വകാര്യ മൊബൈൽ ടവർ | നിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം പുനഃസ്ഥാപനവും നടത്തേണ്ടതാണ്. |
| 6. | ദുർബല വിഭാഗങ്ങളുടെ സ്ഥാനചലനം | | |
| 7. | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത്. | ശ്രീകണ്ഠ ശാസ്താക്ഷേത്രത്തിനോടനുബന്ധിച്ചുള്ള ചുറ്റുമതിൽ പൂർണ്ണമായും ബാധിക്കപ്പെടുന്നു. | ക്ഷേത്ര ഭാരവാഹികളുമായി കൂടിയാലോചിച്ച് നടപടികൾ കൈക്കൊള്ളേണ്ടതാണ്. |

## അദ്ധ്യായം - 2

# വിശദമായ പദ്ധതി വിവരണം

### 2.1. പദ്ധതിയുടെ പശ്ചാത്തലം

പ്രസ്തുത പ്രോജക്ടിനുവേണ്ടി പൊന്നുംവില നടപടി സ്വീകരിക്കുതിനായി എൽ.എ. സ്പെഷ്യൽ തഹസീൽദാർ എൽ.എ. കളക്ട്രേറ്റിനെയാണ് ലാന്റ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളത്. തിരുവനന്തപുരം കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന കളക്ട്രേറ്റിൽ ആണ് ലാന്റ് അക്വിസിഷൻ ഡിപ്പാർട്ട്മെന്റ് സ്ഥിതിചെയ്യുന്നത്.

തിരുവനന്തപുരം ജില്ലയിലെ സമീപപ്രദേശമായ വട്ടിയൂർക്കാവ് ജംഗ്ഷൻ അത്യന്തം തിരക്കേറിയതും ജനനിബിഡവും, അതിനാൽ തന്നെ ഗതാഗതക്കുരുക്കുകളാൽ ബുദ്ധിമുട്ടനുഭവിക്കുന്നതുമായ പ്രദേശമാണ്. തിരുവനന്തപുരത്തിനു സമീപമുള്ള നഗരപരിധിയിൽ ഉൾപ്പെട്ടതും തിരക്കേറിയതുമായ വെള്ളൈക്കടവ്, നെട്ടയം, എന്നീ ഭാഗങ്ങൾ കൂടിച്ചേരുകവഴി തിരുവനന്തപുരത്തേയ്ക്ക് പ്രവേശിക്കുന്ന തിരക്കേറിയ ജംഗ്ഷനാണ് വട്ടിയൂർക്കാവ് ജംഗ്ഷൻ.

ദ്രുതഗതിയിലുള്ള വാഹനപ്പെരുപ്പവും നഗരവത്ക്കരണവും കാരണം വർദ്ധിച്ചുവരുന്ന തിരക്ക് ഉൾക്കൊള്ളാനുള്ള വിസ്തീർണ്ണവും പ്രാപ്തിയും നിലവിൽ ഈ ജംഗ്ഷന് ഇല്ല. ഗതാഗതക്കുരുക്കും അതോടൊപ്പം അപകടസാധ്യതയും ഏറെയുള്ള സ്ഥലമാണ് വട്ടിയൂർക്കാവ് ജംഗ്ഷൻ. നഗരത്തിന്റെ ഭാവിയിലെ വികസനത്തോടൊപ്പം അതിനനുപാതികമായി വട്ടിയൂർക്കാവ് ജംഗ്ഷനിൽ തിരക്ക് കൂടുന്നതിനാണ് സാദ്ധ്യതയുള്ളത്.

### 2.2. പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധം.

തിരുവനന്തപുരം ജില്ലയിലെ സുപ്രധാന കേന്ദ്രങ്ങളിൽ ഒന്നാണ് വട്ടിയൂർക്കാവ് ജംഗ്ഷൻ. നിലവിൽ അത്യന്തം തിരക്കേറിയതും നിരന്തരം ഗതാഗതക്കുരുക്കുകളാൽ ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്നതുമായ പ്രദേശമാണിത്. തിരുവനനന്തപുരം നഗരവുമായി ബന്ധിപ്പിക്കുന്ന സമീപപ്രദേശങ്ങളായ വെള്ളൈക്കടവ്, നെട്ടയം എന്നീ ഭാഗങ്ങൾ ബന്ധിപ്പിക്കപ്പെടുന്ന പ്രധാന ജംഗ്ഷനാണ് വട്ടിയൂർക്കാവ് ജംഗ്ഷൻ.

വിദഗ്ധ ട്രാഫിക് സർവ്വെകളുടെ പഠനങ്ങളുടെയും അടിസ്ഥാനത്തിൽ വട്ടിയൂർക്കാവ് ജംഗ്ഷനിലെ നിലവിലുള്ള ഗതാഗതക്കുരുക്ക്, തിരക്ക് എന്നിവ

പരിഹരിക്കുന്നതിനും ഭാവിയിൽ ഉണ്ടാകാനിടയുള്ള ട്രാഫിക്ക് വർധനകൂടി ഉൾക്കൊള്ളനും ഇവിടെ റോഡ് വീതികൂട്ടി ഒരു ജംഗ്ഷൻ വികസിപ്പിക്കേണ്ടതും, അതുവഴി പദ്ധതി നടപ്പാക്കുമ്പോൾ വാസസ്ഥലവും മറ്റും നഷ്ടമാകുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതിന്റെ ആവശ്യകത കണ്ടെത്തിയിട്ടുണ്ട്. ഇത്തരക്കാരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് പദ്ധതി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

2.3. പദ്ധതിയുടെ വലിപ്പം, സ്ഥാനം എന്നിവ :

നിരുവനന്തപുരം നഗരത്തിന്റെ സമീപപ്രദേശമാണ്. നഗരപരിധിയിൽ ഉൾപ്പെട്ടിട്ടുള്ള വട്ടിയൂർക്കാവ് ജംഗ്ഷൻ തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് ജംഗ്ഷനിലാണ് പദ്ധതി പ്രദേശം. തിരുവനന്തപുരം താലൂക്കിൽ, പേരൂർക്കട വില്ലേജിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശമാണ് പദ്ധതിക്കായി കണ്ടെത്തിയിട്ടുള്ളത്. ഏകദേശം 1.2141 ആർ സ്ഥലം നിർദ്ദിഷ്ട പദ്ധതിക്കായി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

2.4. പദ്ധതിയുടെ ബദൽസാധ്യതകളെ സംബന്ധിച്ച് പഠനം :

നിർദ്ദിഷ്ട പദ്ധതി നടപ്പാക്കുന്നതോടുകൂടി വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തോടനുബന്ധിച്ച് ഭൂമിയും, വാസഗൃഹവും നഷ്ടപ്പെടുന്ന ഒട്ടനവധി കുടുംബങ്ങൾക്ക് സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിന് സാധിക്കുന്നു.

2.5. നിർമ്മാണത്തിന്റെ സവിശേഷതകൾ :

വട്ടിയൂർക്കാവ് പനരധിവാസ കേന്ദ്രം നിർമ്മാണത്തിനായി ഏകദേശം 1.2141 ആർ ഭൂമിയാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നതാണ്. ഈ പദ്ധതിയുടെ ചുമതല വഹിക്കുന്നത് എൽ.എ. സ്പെഷ്യൽ തഹസീൽദാർ എൽ.എ. ആണ്. അടിസ്ഥാന സൗകര്യങ്ങളെല്ലാം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളോടൊപ്പം പര്യാപ്തമായ രീതിയിൽ പുനഃസ്ഥാപിക്കുന്നതാണ്.

2.6. അനുബന്ധ ഭൗതീക സാഹചര്യങ്ങളുടെ ആവശ്യകത :

പദ്ധതിയുടെ നിർമ്മാണത്തിൽ അനുബന്ധമായി അനുയോജ്യമായ ചില ഭൗതിക സാഹചര്യങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

കുടിവെള്ള പൈപ്പുകളുടെ പുനഃക്രമീകരണം, വൈദ്യുതിയുമായി ബന്ധപ്പെട്ട പുനക്രമീകരണം പദ്ധതി പ്രദേശത്തിനുള്ളിൽ ഒരു മൊബൈൽ ടവർ പദ്ധതി പ്രദേശത്ത് ഉൾപ്പെട്ടിട്ടുണ്ട്. ഓടകളുടെ പുനർനിർമ്മാണം എന്നിവയിൽ ഊന്നൽ കൊടുത്തു കൊണ്ടുള്ള അനുബന്ധ ഭൗതിക സാഹചര്യങ്ങളുടെ നിർമ്മാണപദ്ധതി പദ്ധതിയുടെ പൂർത്തീകരണത്തിന് വേഗത കൂട്ടും.

2.7. തൊഴിലാളികളുടെ ആവശ്യകത :

നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന്റെ പ്രാധാന്യം വിലയിരുത്തിക്കൊണ്ട് പദ്ധതിയുടെ പൂർത്തീകരണം വേഗത്തിൽ നടത്തുവാൻ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്. തൊഴിലാളി മുതൽ പദ്ധതി നടപ്പിലാക്കുന്നവർവരെയുള്ള കാര്യക്ഷമമായ മാനവശേഷിയുടെ വിന്യാസം ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയുടെ സുഗമമായ നിർമ്മാണത്തിനായി അത്യാധുതികമായ ഉപകരണങ്ങളും, വൈദഗ്ധ്യ തൊഴിലാളികളും അത്യന്താപേക്ഷിതമാണ്.

2.8. മുൻപ് നടത്തിയ പഠനങ്ങൾ :

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനപദ്ധതിയുമായി ബന്ധപ്പെട്ടുള്ള പുനരധിവാസകേന്ദ്ര പ്രോജക്ടിന്റെ ഭാഗമായി ബന്ധപ്പെട്ട മുൻപഠനങ്ങൾ ഒന്നും തന്നെ മുൻകാലങ്ങളിൽ നടത്തിയതായി എസ്.ഐ.എ. സ്റ്റഡി യൂണിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഐ.ആർ.ഡി. പദ്ധതി പ്രദേശത്ത് നടത്തിയത് മാത്രമാണ് ഇത്തരത്തിൽ ആദ്യത്തേതും, പൂർത്തിയായതുമായ ഒരേഒരു പഠനം.

2.9. ഉപയുക്തമായ നയങ്ങളും നിയമങ്ങളും :

വട്ടിയൂർക്കാവ് പുനരധിവാസ നിർമ്മാണപദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ സുതാര്യത പുനരധിവാസം, പുനസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിയമങ്ങളും ചട്ടങ്ങളും ബാധകമാകുന്നതാണ്.

2013-ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസാത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം.

- 2015-ലെ കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ.
- 17-10-2015-ലെ 36253 ബി1 2014 ആർ.സി. നമ്പർ സർക്കാർ പരിപത്രം.
- തുടർന്നുള്ള സർക്കാർ വിജ്ഞാപനങ്ങളും, ഉത്തരവുകളും.
- അതത് കാലത്ത് കോടതികൾ പുറപ്പെടുവിക്കുന്ന വിധിന്യായങ്ങൾ

## അദ്ധ്യായം - 3

# വിശദമായ പദ്ധതി വിവരണം

3.1. പശ്ചാത്തലം :

വട്ടിയൂർക്കാവ് പുനരധിവാസ പദ്ധതിക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലാഭരണകൂടം എസ്.ഐ.എ.സ്റ്റഡി യൂണിറ്റ് ആയി ഐ.ആർ.ഡി.(ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്മെന്റ്) യെ ചുമതലപ്പെടുത്തി യിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ കാരണം ആഘാതം നേരിടേണ്ടിവരുന്ന ഭൂവുടമകളുടെയും കെട്ടിട ഉടമകളുടെയും, കുടുംബങ്ങളുടെയും, കണക്കെടുപ്പ്, സാമൂഹികാഘാതം കണക്കാക്കൽ എന്നിവയാണ് എസ്.ഐ.എസ്. സ്റ്റഡിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പഠനപ്രക്രിയയുടെ ഭാഗമായി പ്രാഥമിക ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠനപ്രക്രിയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ തയ്യാറാക്കി ആഘാത ബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ, എന്നിവ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്. കൂടാതെ കേന്ദ്രീകൃത സംഘചർച്ചകൾ സംഘടിപ്പിച്ച് വിവരങ്ങളും, അഭിപ്രായങ്ങളും, ശേഖരിക്കുന്നതിനും, ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3.2. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനവും നിർവ്വഹണപ്ലാൻ തയ്യാറാക്കൽ:

ഭൂമിയും വസ്തുവകകളും ഏറ്റെടുക്കേണ്ടി വരുകയും ആയതു ജനങ്ങളുടെ ഭൗതീകവും, സാമ്പത്തികവുമായ സുസ്ഥിരതയ്ക്കും ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്ന അവസരത്തിൽ സാമൂഹ്യ പ്രത്യാഘാത പഠനവിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മ പദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിനു മുമ്പുള്ള അതേഅവസ്ഥയിൽ തന്നെ ആഘാത ബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനഃസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽകണ്ടാണ് സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്.

പ്രധാനമായും നടത്തിയ മുന്നൊരുക്കങ്ങൾ താഴെ പറയുന്നവയാണ്.

പദ്ധതിയുടെ സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങളെ സംബന്ധിച്ച വിവരശേഖരണം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ആഘാതബാധിതർ, പൊതുപ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരുമായുള്ള ചർച്ചകളും, ആശയ വിനിമയങ്ങളും.

2013-ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, അനുബന്ധ ചട്ടങ്ങളും വായിച്ചു മനസ്സിലാക്കുക.

വ്യത്യസ്ത തലങ്ങളിൽ നിന്നുമുള്ള ദ്വിതീയ വിവരശേഖരണം.

- അനുയോജ്യമായ വിവരങ്ങളും പ്രമാണങ്ങളും, റിപ്പോർട്ടുകളും പഠന വിധേയമാക്കൽ.
- തിരുവനന്തപുരം ഡെവലപ്മെന്റ് അതോറിട്ടി, ലാന്റ് അക്വിസിഷൻ ഉദ്യോഗസ്ഥർ, കളക്ട്രേറ്റ് എന്നീ ഉദ്യോഗസ്ഥരുമൊത്തുള്ള പദ്ധതി പ്രദേശ സന്ദർശനം.
- പദ്ധതി പ്രദേശ സന്ദർശനവും പൊതുജനങ്ങളുമായുള്ള ആശയവിനിമയവും.
- ആഘാതബാധിതരായ വ്യക്തികളുടെയും കുടുംബങ്ങളുടേയും വസ്തുവകകളുടെ യും, കണക്കെടുപ്പും, വിവരശേഖരണവും.
- സാമൂഹ്യസാമ്പത്തിക സ്ഥിതിവിവരങ്ങളുടെ വിശകലനം.
- പദ്ധതി പ്രദേശത്തെ ആഘാതബാധിതരായ ജനങ്ങളുമായുള്ള അഭിമുഖങ്ങളും ചർച്ചയും.
- പദ്ധതി പ്രദേശത്തെ പൊതുജനങ്ങളുമായുള്ള അഭിമുഖങ്ങളും ചർച്ചയും.
- ഗാമൂഹ്യപ്രത്യാഘാത പഠനവിലയിരുത്തൽ റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കലും, പ്രസിദ്ധീകരണവും.

3.3. എസ്.ഐ.എ. സ്റ്റഡി ടീം.

എസ്.ഐ.എ. സ്റ്റഡി ടീം ലീഡറായ ശ്രീ.എസ്. സോമൻ (റിട്ട. ഡെ. തഹസീൽദാർ) നേതൃത്വം വഹിക്കുന്ന സ്റ്റഡി ടീം സെൻസസ് രീതിയിലുള്ള സർവ്വെ നടത്തി വിവരശേഖരണം ഏകോപനം എന്നിവ നടത്തി റിപ്പോർട്ട് തയ്യാറാക്കി.

| പേര് | പ്രൊഫൈൽ | നിയോഗിച്ചിട്ടുള്ള ഉദ്യോഗം |
|---|---|---|
| സി.ബാലചന്ദ്രൻ | പ്രൊജക്ട് ഡയറക്ടർ | പദ്ധതി ഉണ്ടാക്കൽ റിപ്പോർട്ട് തയ്യാറാക്കൽ, ജനറൽ സൂപ്പർവിഷൻ |
| എസ്.എസ്.സജീഷ് | പ്രൊജക്റ്റ് മാനേജർ | |
| എസ്. സോമൻ | | സാമൂഹ്യപ്രത്യാഘാത പഠനറിപ്പോർട്ട് തയ്യാറാക്കൽ |
| ദീപകുമാരി.എസ്.എസ്സ് | | പഠന സർവ്വെ, റിപ്പോർട്ട് തയ്യാറാക്കൽ |

3.4. ദ്വിതീയ വിവരശേഖരണം :

വട്ടിയൂർക്കാവ് പുനരധിവാസ നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തലിനായി

വ്യത്യസ്തങ്ങളായ ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ശേഖരിക്കുകയും പഠന വിധേയമാക്കുകയും, പ്രസക്തമായ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച വിവരങ്ങൾ പ്രാദേശിക തലത്തിൽ ആഘാത ബാധിതരായവരിൽ നിന്നും ശേഖരിച്ച പ്രാഥമിക വിവരങ്ങളുമായി ഒത്തുനോക്കുകയും പരസ്പര പൂരകങ്ങളാണെന്നു ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ആഘാതബാധിതമായ പ്രദേശത്തെ ഭൗതീക, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക സ്ഥിതിയെക്കുറിച്ച് വ്യക്തമായ മുന്നറിവ് നൽകുന്നതായിരുന്നു ലഭ്യമായ ദ്വിതീയ വിവരങ്ങൾ.

3.5. പദ്ധതി പ്രദേശസന്ദർശനവും വിവരങ്ങൾ നൽകലും :

വിശദമായ സാമൂഹ്യ പ്രത്യാഘാതപഠന വിലയിരുത്തൽ നൽകുന്നതിനു മുന്നോടിയായി പദ്ധതി പ്രദേശം സന്ദർശിക്കുകയും പ്രാരംഭമായി സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങളുടെ മാതൃക ശേഖരിക്കുകയും ചെയ്തു. മാതൃകാസ്ഥിതി വിവര ശേഖരത്തിൽ ഏതാനും പേരിൽ നിന്നുമായി വിവരങ്ങൾ ശേഖരിക്കുകയും, അവരുടെ പ്രതികരണം ആരായുകയും ചെയ്തു. ലഭ്യമായ പ്രതികരണങ്ങളുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പൂർണ്ണമായ തോതിൽ ഉള്ള ശേഖരണം നടത്തുകയും ചെയ്തു.

പദ്ധതി പ്രദേശവും ആഘാതബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2020 മാർച്ച് മാസത്തിൽ പ്രാഥമിക വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

3.6. സാമൂഹ്യസാമ്പത്തിക വിവര ശേഖരണം :

തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട വില്ലേജിൽ ഉൾപ്പെട്ടതാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. പ്രാദേശിക തലത്തിൽ സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരശേഖരണം നടത്തുന്നതിനു മുന്നോടിയായി സർക്കാർ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആഘാതബാധിതരായ വ്യക്തികളുടെയും കുടുംബങ്ങളുടെയും സ്ഥാപനങ്ങളുടെയും ഭൂരേഖ സംബന്ധിച്ച വിവരങ്ങളായ ഭൂവിസ്തൃതി, സർവ്വെ നമ്പർ, തണ്ടപ്പേര് നമ്പർ എന്നിങ്ങനെയുള്ള വിവരങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നും ശേഖരിച്ചു. കാര്യക്ഷമമായ രീതിയിൽ ഭൂരേഖറിക്കോർഡുകൾ സൂക്ഷിക്കാത്തതി നാൽ വിവരശേഖരണം ദുർഘടമായിരുന്നു. ഭൂരേഖ, ഉടമസ്ഥത എന്നിവയുടെ വിവരങ്ങൾ ഖേശരിച്ചതിനു പ്രാദേശിക തലത്തിൽ സാമൂഹ്യ-സാമ്പത്തിക സ്ഥിതിവിവര ശേഖരണം നിയതമായ ചോദ്യാവലിയുടെ സഹായത്തോടെ ആരംഭിച്ചു.

ആഘാതബാധിതരായ വ്യക്തികളെ നേരിട്ടുകണ്ട് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്.

ആഘാതബാധിതരായ വ്യക്തികളെ സംബന്ധിച്ച വിവരങ്ങളായ ഭൂമിയുടെ തരം നിർമ്മിതിയുടെ തരം സാമൂഹ്യ സ്ഥിതി മനസ്സിലാക്കുന്നതിനായി കുടുംബത്തിന്റെ വ്യക്തി വിവരങ്ങൾ, ഉടമസ്ഥനോ, വാടകക്കാരനോ എന്നു തിരിച്ചറിയുന്നതിനായി പ്രമാണത്തിന്റെ പകർപ്പുകൾ, തൊഴിൽ വരുമാനം, വീട്ടിലെ മുതലുകൾ, വാണിജ്യ-വ്യവസായ-സ്വയം തൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിങ്ങനെ നിരവധിയായ വിവരങ്ങൾ ചോദ്യാവലിയുടെ സഹായത്തോടെ ശേഖരിക്കുകയും അവരുടെ മുഖ്യമായ നിർദ്ദേശങ്ങൾ പ്രത്യേകമായി ചോദ്യാവലിയുടെ അനുബന്ധമായി രേഖപ്പെടുത്തുകയും ചെയ്തു. ചോദ്യാവലി പൂരിപ്പിക്കുന്നതിനു മുന്നോടിയായി ഉടമസ്ഥനെ തിരിച്ചറിയുന്നതിനായി പ്രമാണത്തിന്റെ പകർപ്പ്, നികുതി ശീട്ട്, ആധാർ കാർഡ്, റേഷൻ കാർഡ്, വോട്ടർ കാർഡ് എന്നിങ്ങനെയുള്ള രേഖകളിൽ ലഭ്യമായവയുടെ പകർപ്പ് കാണുകയും ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

3.7. സ്ഥിതിവിവരണ ക്രോഡീകരണവും പരിശോധനയും :

പദ്ധതി പ്രദേശത്ത് നിന്നും ശേഖരിച്ച സ്ഥിതിവിവരങ്ങൾ തരംതിരിച്ച് ആവശ്യമായ പരിശോധനകൾ നടത്തുകയും കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തു.

3.8. സ്ഥിതി വിവര വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും :

ശേഖരിച്ച മുഴുവൻ സ്ഥിതി വിവരങ്ങളും വ്യത്യസ്ഥ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് അന്തിമമായ അനുമാനങ്ങളിൽ എത്തിച്ചേരുകയും അവ സാമൂഹ്യ പ്രത്യാഘാത പഠന വിശകലന റിപ്പോർട്ട് തയ്യാറാക്കുന്നതിനു ഉപയോഗിക്കുകയും ചെയ്തു.

## അദ്ധ്യായം - 4

# ഭൂനിർണ്ണയം

ആമുഖം :

വട്ടിയൂർക്കാവ് പുനരധിവാസ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കലിൽ മുഴുവൻ വ്യക്തികളുടെയും പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നവരുടെയും സാമൂഹിക സാമ്പത്തിക സ്ഥിതി വിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ ജൂൺ മാസത്തിൽ പൂർത്തീകരിക്കുകയും, ആഘാതബാധിതമായ വസ്തുവകകൾ, ആയതിന്റെ തരം, ഉടമസ്ഥത, സ്വകാര്യ സ്വത്തിലുള്ള പ്രത്യാഘാതങ്ങൾ, ജനങ്ങളുടെ വരുമാനവും ജീവനോപാധിയും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭിക്കുന്നതിന് സാമൂഹിക സ്ഥിതിവിവര കണക്കെടുപ്പ് സഹായകമായി.

4.1. പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം :

പദ്ധതിക്കായി മൊത്തം 1.2141 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഇതിൽ 22 സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി നടപ്പിൽ വരുന്നതിലൂടെ ഒരു ക്ഷേത്രത്തിന്റെ ചുറ്റുമതിൽ പൂർണ്ണമായും ആഘാതം ഏൽക്കുന്നുണ്ട്. കൂടാതെ ഒരു സ്വകാര്യ മൊബൈൽ ടവർ, കെ.എസ്. ഇ.ബി. യുടെ വക ട്രാൻസ്ഫോർമർ എന്നിവയ്ക്കും ആഘാതം സംഭവിക്കുന്നുണ്ട്.


പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഉണ്ടാകാവുന്ന സാമൂഹിക പ്രത്യാഘാതത്തിന്റെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക :

| No. | Use of land | Count | Percentage |
|---|---|---|---|
| 1. | Residential | 6 | |
| 2. | Commercial | 3 | |
| 3. | R & C | 1 | |
| 4. | Agriculture | .. | |

| | | | |
|---|---|---|---|
| 5. | Vacant Plot | 8 | |
| 6. | Temple premises | 1 | |
| 7. | Roads | .. | |
| 8. | Pathways | .. | |

4.2. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ :



4.3. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമി :

വട്ടിയൂർക്കാവ് പുനരധിവാസ നിർമ്മാണ പദ്ധതിക്കായി 1.2141 ആർ സ്ഥലം ആവശ്യമാണ്. പദ്ധതി പ്രദേശത്ത് മുഴുവൻ ഭൂമിയും സ്വകാര്യ ഭൂ ഉടമകളുടെതാണ്.

4.4. പൊതു സ്ഥലത്തിന്റെ ഉപയോഗം

ക്ഷേത്രംവക ഭൂമിയുടെ കുറച്ചുഭൂഗം ഏറ്റെടുക്കുന്നുണ്ട്.

4.5. നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുത്ത ഭൂമി :

നിർദ്ദിഷ്ട വട്ടിയൂർക്കാവ് പുനരധിവാസ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ ഭൂമി ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

4.6. ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവു സംബന്ധിച്ച വിവരങ്ങൾ :

നിർദ്ദിഷ്ട പദ്ധതിയ്ക്കായി പേരൂർക്കട വില്ലേജിൽ ഉൾപ്പെട്ട 1.2141 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഭൂരിഭൂഗവും സ്വകാര്യ ഉടമകളുടെയും കുറച്ചുഭാഗം ക്ഷേത്രത്തിന്റേതായും ബാധിക്കപ്പെടുന്നുണ്ട്.

ഏറ്റെടുക്കുന്ന പ്രദേശത്തെ സ്വകാര്യ വ്യക്തികളുടെതാണ്. കരഭൂമി, അതിൽ ഉൾപ്പെടുന്ന വാസഗൃഹങ്ങൾ, മരങ്ങൾ എന്നിവയെ പദ്ധതി ബാധിക്കുണ്ട്. തരം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു.

4.7. മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ :

വിവരദാദാക്കളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്തെ ഭൂമി ഉടമകളിൽ ഭൂരിഭാഗവും പാരമ്പര്യമായി കൈമാറ്റം ചെയ്ത ഭൂമി കൈവശം വച്ചിരിക്കുന്നവരാണ്. കാലയളവ് സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

## അദ്ധ്യായം - 5

# മൂല്യനിർണ്ണയവും വിശകലനവും

5.1. ആമുഖം :

ഭൂമി ഏറ്റെടുക്കൽ മൂലം ഭൂവുടമകൾക്ക് പ്രത്യക്ഷവും പരോക്ഷവുമായുള്ള നഷ്ടങ്ങളുടെ കണക്കെടുപ്പിനെയാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

5.2. പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നത് :

പദ്ധതി നടപ്പിലാക്കപ്പെടുന്നതോടുകൂടി കുറച്ചുപേരുടെ ഉപജീവനമാർഗ്ഗം പൂർണ്ണമായും നഷ്ടപ്പെടുകയും അതോടൊപ്പം കുറച്ചുപേരുടെ തൊഴിൽ നഷ്ടമാവുകയും ചെയ്യുന്നു. ഭൂമി ഏറ്റെടുക്കലിൽ ചില വാണിജ്യ സ്ഥാപനങ്ങൾ പൂർണ്ണമായും ചിലത് ഭാഗികമായും ബാധിക്കപ്പെടുന്നു. കൂടാതെ 5 വ്യക്തികളുടെ വാസസ്ഥലം പൂർണ്ണമായും 1 വ്യക്തിയുടെ വാസസ്ഥലം ഭാഗികമായും ബാധിക്കപ്പെടുന്നു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

5.3. പരോക്ഷമായി ബാധിക്കപ്പെട്ടത് :

നിർദ്ദിഷ്ട വട്ടിയൂർക്കാവ് പുനരധിവാസ നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ അതിന്റെ പ്രത്യക്ഷാഘാതം പരോക്ഷമായി ബാധിക്കപ്പെടുന്നവരെയാണ് ഈ ഗണത്തിൽപെടുത്തിയിരിക്കുന്നത്. ഇത് പ്രധാനമായും പദ്ധതി പ്രദേശത്തെ വ്യവസായ വാണിജ്യ സ്ഥാപനങ്ങളെ ആശ്രയിച്ച് തൊഴിൽ ചെയ്യുന്നവരും പദ്ധതി പ്രദേശത്ത് സ്ഥിരമായി താമസിക്കാത്തവരുമായ ജനവിഭാഗമാണ്.

5.4. ബാധിത കുടുംബങ്ങൾ :

പൂർണ്ണമായും വാസഗൃഹം നഷ്ടപ്പെടുന്ന 4 വ്യക്തികളും ഭാഗീകമായി നഷ്ടപ്പെടുന്ന ഒരു വ്യക്തിയുമാണുള്ളത്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

5.5. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും :

പദ്ധതി പ്രദേശം നിരവധി സ്വകാര്യവ്യക്തികൾ താമസ, വാണിജ്യ, വ്യാപാര ആവശ്യങ്ങൾക്കായി വർഷങ്ങളായി ഉപയോഗിച്ചു വരുന്നതാണ്. ഭൂമി ഏറ്റെടുക്കൽമൂലം താമസസൗകര്യത്തിനും ഉപജീവനമാർഗ്ഗത്തിനും കോട്ടങ്ങൾ ഉണ്ടാകുന്നുണ്ട്.

## അദ്ധ്യായം - 6

# സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക അവലോകനം

പദ്ധതി പ്രദേശത്ത് 22 സ്വകാര്യ ഭൂവുടമകളുടെ ഭൂമിയാണുള്ളത്. സ്വകാര്യ വ്യക്തികൾ എല്ലാംതന്നെ വിവിധ ജാതി മതങ്ങളിൽ ഉൾപ്പെട്ടവരാണ്. പ്രസ്തുത സ്ഥലത്ത് താമസിക്കുന്നവരും ഉപജീവനം നടത്തുന്നവരും വാണിജ്യം നടത്തുന്നവരും ഉണ്ട്. ഭൂവുടമകൾ പൂർണ്ണമായും എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവരാണ്.

പ്രസ്തുക വാണിജ്യ സ്ഥാപനങ്ങളിൽ ദിവസവരുമാനം 1000 രൂപയിൽ താഴെയുള്ള 2 സ്ഥാപനങ്ങളും ദിവസവരുമാനം 1000 - 5000 നും ഇടയിലുള്ള 01 സ്ഥാപനവും ഉള്ളതായി കണ്ടെത്തി.

പദ്ധതി പ്രദേശത്ത് പേരൂർക്കട വില്ലേജിൽ സ്ഥിതിചെയ്യുന്ന ശ്രീകണ്ഠൻ ശാസ്താ ക്ഷേത്രത്തിന്റെ കവാടം മുൻവശം പൂർണ്ണമായും ഏറ്റെടുക്കലിൽ ബാധിക്കപ്പെടുന്നുണ്ട്.

# അദ്ധ്യായം - 7

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണപദ്ധതി

7.1. ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് പുനരധിവാസ കേന്ദ്രം നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ രൂപകൽപ്പന, നിർമ്മാണപ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ എന്നിവ കാരണമുണ്ടാകുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ ഇല്ലാതാക്കുന്നതിനോ, കുറക്കുന്നതിനോ എസ്.ഐ.എ. സ്റ്റഡി വളരെ പ്രയോജനപ്രദമാണ്. എസ്.ഐ.എ. സ്റ്റഡി നടത്തുന്നതിലൂടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യക്ഷ, പരോക്ഷ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിയാനും ആഘാതത്തിന്റെ തോത് കുറയ്ക്കുവാനും സാധിക്കും.

| നിർമ്മാണത്തിനുമുമ്പ് | നിർമ്മാണഘട്ടം | പ്രവർത്തനഘട്ടം |
|---|---|---|
| ഭൂമി ഏറ്റെടുക്കൽ | പൊടി മുതലായ മാലിന്യങ്ങൾ | |
| നിർമ്മിതികൾ ഏറ്റെടുക്കൽ | ശബ്ദ മലിനീകരണം | |
| | നിർമ്മാണഘട്ടത്തിലെ തൊഴിൽ | വാഹനങ്ങൾക്ക് സുഗമമായി സഞ്ചരിക്കാൻ സാധിക്കുന്ന തരത്തിലുള്ള മെച്ചപ്പെട്ട റോഡ്, പട്ടണത്തിൽ ലഭ്യമായ സൗകര്യങ്ങൾ എളുപ്പത്തിൽ പ്രാപ്തമാക്കുന്നു. |
| | പുമേ നിന്നുള്ള തൊഴിലാളികൾ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വരുന്നതിലൂടെ തദ്ദേശീയരായ തൊഴിലാളികളുടെ തൊഴിൽ സാധ്യതകൾ കുറയുകയും, മാലിന്യം പകർച്ചവ്യാധികൾ എന്നീ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് സംശയിക്കപ്പെടുകയും ചെയ്യുന്നു. മാലിന്യം, ശുചിത്വം, പകർച്ച വ്യാധികൾ എന്നിവയ്ക്കുള്ള | |

| | | |
|---|---|---|
| | സാധ്യതകൾ. | |
| തൊഴിലാളികളുടെയും പരിസരത്ത് താമസിക്കുന്നവരുടെയും അപകടസാധ്യതകളും സുരക്ഷയും | | |

7.2. ആഘാതബാധിതരുടെ തരം :

1 പ്രാഥമിക ആഘാത ബാധിതർ :

ഭൂവുടമസ്ഥർ, കെട്ടിടങ്ങളുടെയും നിർമ്മിതികളുടെയും ഉടമസ്ഥർ, വാടകക്കാർ, ബിസിനസ് സ്ഥാപനത്തിൽ ജോലിചെയ്യുന്ന തൊഴിലാളികളും സ്റ്റാഫും

2. ദ്വിതീയ ആഘാത ബാധിതർ :

പദ്ധതി പ്രദേശത്തിന്റെ ചുറ്റുപാടും താമസിക്കുന്ന വ്യക്തികളും, കുടുംബങ്ങളും നേരിട്ട് ആഘാതം നേരിടുന്ന സ്ഥാപനങ്ങളെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരും.

7.4. പൊതുജനങ്ങളുടെ ആശങ്കകൾ :

(എ) ആരോഗ്യം : വട്ടിയൂർക്കാവ് വികസന പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഗതാഗതക്കുരുക്കു കുറയുമെങ്കിലും നിർമ്മാണം തുടങ്ങികഴിഞ്ഞാൽ പദ്ധതി പ്രദേശത്ത് ഗതാഗത തടസ്സം ഉണ്ടാകുമോ എന്നുള്ള ആശങ്ക.

(ബി) ശുദ്ധജലം : പദ്ധതി പ്രദേശത്ത് കുടിവെള്ളം തടസ്സപ്പെടുമോ എന്നുള്ള ആശങ്ക.

(സി) മലിനജല നിർമ്മാർജ്ജനം : നിർമ്മാണം തുടങ്ങിക്കഴിഞ്ഞാൽ നിലവിൽ സുഗമമായി പ്രവർത്തിക്കുന്ന ഓടകളുടെ പ്രവർത്തനം തടസ്സപ്പെട്ട് മഴക്കാലത്ത് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമോ എന്നുള്ള ആശങ്ക.

(ഇ) പുനർ നിർമ്മാണത്തിലെ നിയമ സാധ്യത : ഭാഗീകമായി പൊളിച്ചു നിക്കുന്ന കെട്ടിടഭാഗങ്ങളിൽ പുനർ നിർമ്മാണം നടത്തുമ്പോൾ നിയമങ്ങൾ ബാധിക്കുമോ എന്നുള്ള ആശങ്ക.

7.5. സാമൂഹിക പ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുമുള്ള മാർഗ്ഗങ്ങൾ :

1. 23-09-2015 - ലെ 485/15/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരമാള്ള സർക്കാർ നയത്തിനനുസരിച്ച് ഭൂ ഉടമകളുമായി ചർച്ച നടത്തി നിലവിലെ കമ്പോള വില ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.

2. 29-12-2017 ൽ പ്രസിദ്ധീകരിച്ച സർക്കാർ നയമനുസരിച്ചുള്ള പുനരധിവാസ, പുനസ്ഥാപന ആനുകൂല്യങ്ങൾ ഉറപ്പാക്കുക.

3. പദ്ധതി ആസൂത്രണം നിർവ്വഹണ സമയങ്ങളിൽ അത്യാവശ്യം വേണ്ട സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

7.6. ഭൂമി ഏറ്റെടുക്കൽ, പുനരധിവാസവ്യവസ്ഥകൾ :

എൽ.എ.ആർ.ആർ. ആക്ട് RTFCT അനുസരിച്ച് ന്യായമായ നഷ്ടപരിഹാരം നൽകുകയും സാധ്യമെങ്കിൽ പനരധിവാസം നടത്തേണ്ടതുമാണ്.

7.7. വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ :

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതിവിവരം | ലഘൂകരണമാർഗ്ഗങ്ങൾ |
|---|---|---|---|
| 1. | ഭൂമി നഷ്ടപ്പെടുന്നത് | 22 ഭൂവുടമകളുടെ ഭൂമി പ്രത്യക്ഷത്തിൽ ബാധിക്കുന്നു. | 1. 23-09-2015 - ലെ 485/15/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരമുള്ള സർക്കാർ നയത്തിനനുസരിച്ച് ഭൂ ഉടമകളുമായി ചർച്ച നടത്തി നിലവിലെ കമ്പോള വില ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക. |
| 2; | ഉപജീവന സാദ്ധ്യതകൾ നഷ്ടപ്പെടുന്നത് | 3 വ്യാപാര വാണിജ്യ സ്ഥാപനങ്ങളെ പ്രത്യക്ഷമായി ബാധിക്കുന്നു. | 29-12-2017 ൽ പ്രസിദ്ധീകരിച്ച സർക്കാർ നയമനുസരിച്ചുള്ള പുനരധിവാസ, പുനസ്ഥാപന ആനുകൂല്യങ്ങൾ ഉറപ്പാക്കുക. |
| 3. | ഉത്പന്നക്ഷമമായ ആസ്തികൾ നഷ്ടപ്പെടുത്തുന്നത് | | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം നിർമ്മാണ പ്രവർത്തികൾ നടക്കുന്നതിനോടൊപ്പം തന്നെ പുന:സ്ഥാപനവും നടത്തുക. |
| 4. | പൊതു ഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | ശുദ്ധജല വിതരണം ജലമാലിന്യനിർഗ്ഗമന മാർഗ്ഗങ്ങൾ, വൈദ്യുതി, ടെലഫോൺ കാലുകൾ, വയറുകൾ | നിർമ്മാണപ്രവർത്തികൾ നടക്കുന്നതിനോടൊപ്പംതന്നെ പുന: സ്ഥാപനവും നടത്തുക. |
| 5. | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത് | ഒരു ക്ഷേത്രത്തിന്റെ പ്രവേശന കവാടം ബാധിക്കപ്പെടുന്നു. | വിശ്വാസികളും മത അധികാരികളുമായി കൂടിയാലോചിച്ച് നടപടികൾ കൈക്കൊള്ളണം. |

# അദ്ധ്യായം - 8

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണപദ്ധതി ഒരു രൂപരേഖ

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് പുനരധിവാസ കേന്ദ്രം നിർമ്മാണ പദ്ധതി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള പൊതു ആവശ്യമെന്ന ശീർഷകത്തിൽ വരുന്നതാണ്. കാലാകലങ്ങളായി ഭൂമിയും വസ്തുവകകളും കൈവശംവച്ചും ഉടമസ്ഥപ്പെടുത്തിയും വരുന്ന പ്രാഥമിക ആഘാത ബാധിതരും ഭൂമിയുടെയും നിർമ്മിതകളുടെയും ഉടമസ്ഥരുമായ വ്യക്തികളും കുടുംബങ്ങളും വ്യാപാരവ്യവസായ വാണിജ്യാവശ്യങ്ങൾക്കായി ഭൂമിയും നിർമ്മിതികളും വാടകയ്ക്ക് കൈവശം വച്ചിരിക്കുന്നവരും ഇവിടെ തൊഴിൽ ചെയ്യുന്നവരും ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ആഘാതബാധിതരായി മാറുന്നു എന്നതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം വെളിപ്പെടുത്തുന്നത്. ആയതിനാൽ 2013 ലെ നിയമങ്ങളിലും അനുബന്ധ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന എല്ലാ നഷ്ടപരിഹാരവും സർക്കാർ നിജപ്പെടുത്തി നൽകിക്കൊണ്ട് സാമൂഹ്യപ്രത്യാഘാതം പരമാവധികുറയ്ക്കാവുന്നതാണ്.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് 22 ഭൂവുടമകളാണ് ഉള്ളത് 5-ഓളം കുടുംബങ്ങൾ ഇവിടെ താമസിക്കുകയും 3 വ്യാപാരവാണിജ്യ സ്ഥാപനങ്ങളിലായി ------ തൊഴിലാളികൾ ജോലി ചെയ്യുന്നുമുണ്ട്.

അദ്ധ്യായം - 9

# സാമൂഹ്യ പ്രത്യാഘാത നിർവ്വഹണപദ്ധതി ഒരു രൂപരേഖ

## സ്ഥാപനഘടനയും പ്രധാന വ്യക്തികളും

പദ്ധതി പ്രദേശത്തെ ഭൂമി ഏറ്റെടുക്കൽ വഴി ബാധിതരായ വ്യക്തികൾക്കും കുടുംബങ്ങൾക്കും തൊഴിലാളികൾക്കുമുള്ള പുരധിവാസ പുനസ്ഥാപന പ്രവർത്തികളെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് അഡ്മിനിസ്ട്രേറ്ററെ സംസ്ഥാന സർക്കാർ നിയമിച്ച് ഉത്തരവാകണമെന്ന് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥ ചെയ്യുന്നത്. ഇതിൻപ്രകാരം നിയമിതനായ അഡ്മിനിസ്ട്രേറ്റർ സംസ്ഥാന സർക്കാരിന്റെയും പുനരധിവാസ -പുന:സ്ഥാപനകമ്മീഷറുടേയും മേൽനോട്ടത്തിലും നിയന്ത്രണത്തിലും നിർദ്ദേശങ്ങൾ അനുസരിച്ച് പുനരധിവാസ പുനസ്ഥാപന പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണെന്നും ഗതിനിയന്ത്രണം നടത്തേണ്ടതാണെന്നും നിയമം അനുശാസിക്കുന്നു.

മേൽപറഞ്ഞ പ്രകാരം 2018 ലെ നിയമം അനുശാസിക്കുന്ന രീതിയിൽ അനുയോജ്യമായ നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള ആഘാത ലഘൂകരണ മാർഗ്ഗങ്ങളിലൂടെ വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് പുനരധിവാസ കേന്ദ്രം നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഭൂമി പ്രയാസങ്ങളും എതിർപ്പുകളും പരമാവധി ലഘൂകരിച്ചുകൊണ്ട് ഏറ്റെടുക്കാൻ സാധിക്കുന്നതാണ്. സംസ്ഥാന സർക്കാർ 2015 സെപ്റ്റംബർ 23 ലെ ഉത്തരവ് (എം.എസ്) നമ്പർ 485/15/ആർ.ഡി, സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കൽ സുതാര്യതയ്ക്കായുള്ള നയം എന്നിവ സുപ്രധാത രേഖകളാണ്.

എല്ലാജില്ലകളിലും ന്യായവില, പുനരധിവാസ പുനസ്ഥാപന കമ്മിറ്റികൾ, രൂപവൽക്കരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ വേഗത കൂട്ടാനും സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനും വേണ്ടി ജില്ലാ കളക്ടർ, അഡ്മിനിസ്ട്രേറ്റർ (പുനരധിവാസം, പുനസ്ഥാപനം) ലാന്റ് അക്വിസിഷൻ ഓഫീസർ, ഫിനാൻസ് ഓഫീസർ, അർദ്ധാധികാരി, പ്രാദേശിക സ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധി തുടങ്ങിയവർ അംഗങ്ങളായ സമിതി മേൽനോട്ടം വഹിക്കുന്നു.

അദ്ധ്യായം - 10

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണപദ്ധതി ഒരു രൂപരേഖ

2013 ലെ എൽ.എ.ആർ.ആർ. ആക്ട് അനുസരിച്ച് ആർ.റ്റി.എഫ്.സി.റ്റി. പ്രകാരമുള്ള നഷ്ടപരിഹാരം ഭൂ ഉടമകൾക്ക് നൽകിയോ എന്നും ന്യായമായ നഷ്ടപരിഹാരം ലഭിച്ചോ എന്നുള്ളതും നിരീക്ഷിക്കുകയും അവലോകനം നടത്തുകയും വേണം.

## അദ്ധ്യായം - 11

# വിലയുടെയും നേട്ടങ്ങളുടെയും അപഗ്രഥനവും ഏറ്റെടുക്കുന്നതിനുള്ള ശുപാർശകളും

നിർദ്ദിഷ്ട പദ്ധതി പ്രദേശം വിവിധ വ്യക്തികൾ താമസവ്യാപാര വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്നതാണ്. അതിൽ ഒരു വ്യക്തിക്ക് താമസസ്ഥലം വീണ്ടും ഉപയോഗിക്കാൻ പറ്റാത്ത വിധം പദ്ധതി നടപ്പിൽ വരുന്നതിലൂടെ നഷ്ടമാകുന്നു. അവർക്ക് പുനരധിവാസം ആവശ്യമാണ്.

ഈ പദ്ധതിയുടെ നേട്ടുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കുന്നതിലുള്ള ആഘാതം ന്യായീകരിക്കാവുന്നതേയുള്ളു.

പൊതുജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളും അവരുടെ താൽപ്പര്യവും കണക്കിലെടുത്ത് ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കണം.

11.1. പ്രധാന കണ്ടെത്തലുകൾ :

- ❖ എസ്.ഐ.എ. സ്റ്റഡി യൂണിറ്റിന്റെ കണ്ടെത്തൽ പ്രകാരം പദ്ധതിപ്രദേശത്ത് 22 സ്വകാര്യം ഭൂ ഉടമകൾ ഉണ്ട്.
  - 1 ഗവൺമെന്റ് വക ഭൂമിയും ഉണ്ട്
- ❖ പദ്ധതി പ്രദേശത്തുള്ള സ്വകാര്യ വ്യക്തികൾ അവരവരുടെ ഭൂമി താമസ-വാണിജ്യ -വ്യാപാര-കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.
- ❖ സ്ഥലം ഏറ്റെടുക്കുന്നതിലൂടെ കുറച്ചുപേരുടെ ഉപജീവനത്തെ ബാധിക്കുന്നുണ്ട്.
- ❖ ഭൂരിഭാഗം ഭൂമിയും പാരമ്പര്യമായി കൈമാറി വന്നവയാണ്.
- ❖ പദ്ധതി പ്രദേശത്ത് നിന്നുള്ള വരുമാനംകൊണ്ട് മാത്രം ഉപജീവനം നടത്തുന്ന കുടുംബങ്ങളും ഉണ്ട്.

11.2. എസ്.ഐ.എ. സ്റ്റഡി യുടെ ശിപാർശകൾ :

- ○ പദ്ധതി ബാധിത കുടുംബങ്ങൾക്ക് അർഹമായ പുനരധിവാസവും ഭൂവുടമകൾക്ക് ന്യായമായ നഷ്ടപരിഹാരവും ഉറപ്പുവരുത്തേണ്ടതാണ്.
- ○ ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കേണ്ടത് നാട്ടുകാരുടെ ആവശ്യമാണ്.

# നോട്ടീസ്

ഫോറം - 5 ചട്ടം 14(1)

നംപർ : 5 എസ്.ഐ.എ./ ഐ.ആർ.ഡി. /2020 തീയതി :

തിരുവനന്തപുരം ജില്ലയിൽ പേരൂർക്കട വില്ലേജ് പരിധിയിൽ വരുന്ന നിങ്ങളുടെ ഭൂമി/കെട്ടിടം ഒരു പൊതു ആവശ്യത്തിന്, അതായത് **വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് പുനരധിവാസ കേന്ദ്രം നിർമ്മാണ** പദ്ധതിയ്ക്ക് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാ യേക്കാമെന്നോ കാണുന്നതും ആയതിനുവേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം (കേന്ദ്ര നിയമം 30/2013) 4-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം 2769 നമ്പരായി കേരള സംസ്ഥാന അസാധാരണ ഗസറ്റ് 1348 തീയതി 05-06-2020 പ്രസിദ്ധീകരിച്ചുട്ടുള്ളതാണ്. സാമൂഹീക പ്രത്യാഘാത നിർണ്ണയ പഠനത്തിന്റെ അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി നിങ്ങളുടെ ഭൂമി/കെട്ടിടത്തിൽ അവകാശമുള്ള **എല്ലാ അംഗങ്ങളും 2020 ഒക്ടോബർ 21-ാം തീയതി 3.30 മണിയ്ക്ക് മണ്ണറക്കോണം ഗവ. ജി.എച്ച്.എസ്. ഹാളിൽ വച്ച് നടത്തുന്ന പബ്ലിക്ക് ഹിയറിംഗിൽ ഹാജരാകേണ്ടതാണെന്ന് ഇതിനാൽ അിറയിച്ചുകൊള്ളുന്നു.** പബ്ലിക്ക് ഹിയറിംഗിൽ പങ്കെടുക്കേണ്ട ഭൂ ഉടമസ്ഥരുടെ പേരുവിവരം പേരൂർക്കട വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, അതാത് പഞ്ചായത്ത് ഓഫീസ്, ഐ.ആർ.ഡി. യുടെ വെബ്സൈറ്റായ www.ird.org. ലും ലഭ്യമാക്കിയിട്ടുണ്ട്.

ഒപ്പ്

ചെയർമാൻ

സാമൂഹീക പ്രത്യാഘാതനിർണ്ണയ യൂണിറ്റ്,

ഐ.ആർ.ഡി.

# അധികമായി ലഭിച്ച വിവരങ്ങൾ

| | | |
|---|---|---|
| 1 | സർവ്വെ നമ്പർ 43 | രവിശങ്കർ ഭാര്യ ഷൈലജ |
| 2. | സർവ്വെ നമ്പർ 39 | ജയശ്രീ വിവേക് |
| 3. | സർവ്വെ നമ്പർ 25 | സൽമാ ബിവി ഖദീജ ഉമ്മാൾ മരണപ്പെട്ടു. വസ്തു കേസ് നടക്കുന്നു. |
| 4. | സർവ്വെ നമ്പർ 43 | ജയകുമാർ 1സെന്റ് സ്ഥലം ഗോഡൗൺ ആയി ഉപയോഗിക്കുന്ന ഷെഡ് ആണ്. |
| 5. | സർവ്വെ നമ്പർ 43 | അരുൺ എസ്. കുറുപ്പ് - ഉടമസ്ഥാവകാശം |
| 6. | സർവ്വെ നമ്പർ 113 | പ്രേമലത തുരുവല്ല |
| 7. | സർവ്വെ നമ്പർ 41 | ഗീതാകുമാരി ഹൈദ്രാബാദ് തടസ്സമുണ്ട് |
| 8. | സർവ്വെ നമ്പർ 105, 106 | 104 ൽ ഉൾപ്പെട്ട ജോൺസൺ ഡാനിയേൽ വക |
| 9. | സർവ്വെ നമ്പർ 37 | സുധാകരൻ, ക്ഷേത്ര വക മതിൽ |
| 10 | സർവ്വെ നമ്പർ 39 | രാജൻ ലിസ്റ്റിൽ വന്നിട്ടില്ല. |
| 11. | സർവ്വെ നമ്പർ 42 | അബ്ദുൽ ഖാദർ മകൻ മുഹമ്മദ് സാലി |
| 12. | സർവ്വെ നമ്പർ 26 | അബുബക്കർ, മൊഹൈൽ ടവർ, പ്രീ ഓൺഡ് കാർസ്, ലോഡ്ജ് എന്നിവ സ്ഥിതിചെയ്യുന്നു. |
| 13. | സർവ്വെ നമ്പർ 23 | സതീഷ്കുമാർ. ബി. ഉഷാദേവി |

60 തെങ്ങ്, 2 മാവ്, 2 പുളി, 18 തേക്ക്, 7 മഹാഗണി, 12 പ്ലാവ്, ഓരോ കശുമാവ്, ദേവദാരു, വേപ്പ്, കമുക് എന്നിവ ബാധിക്കപ്പെടുന്നു.